കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള സ്ഥലത്തുനിന്നും 15 സെന്റ് സ്ഥലം പൈനാവ് ടൗൺ ഭാഗത്ത് കംഫർട്ട് സ്റ്റേഷൻ, വെയിറ്റിംഗ് ഷെഡ് എന്നിവ നിർമ്മിക്കുന്നതിന് വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിന് വിട്ടു നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം.558/2020/ത.സ്വ.ഭ.വ. തീയതി , തിരുവനന്തപുരം .05/03/2020

പരാമർശം :-1) സ.ഉ.(കൈ) നമ്പർ 98/2007/തസ്വഭവ തീയതി 30.03.2007

2) ഇടുക്കി ജില്ലാ പഞ്ചായത്ത് ജനറൽ,കമ്മിറ്റിയുടെ 24/05/2017 ൽ ചേർന്ന യോഗത്തിന്റെ 17-ാം നമ്പർ തീരുമാനം.

3) ഇടുക്കി ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 19/09/2017 ലെ IDP/DW നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 29/10/2019 ലെ PAN - 7229/2019 -C1/DP നമ്പർ കത്ത്.

ഉത്തരവ്

ഇടുക്കി വികസന അതോറിറ്റി പരാമർശം (1) ഉത്തരവ് പ്രകാരം നിർത്തലാക്കിയപ്പോൾ ഇടുക്കി ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ഭൂമിയിൽ നിന്നും (സർവ്വേ നമ്പർ 161/1) 15 സെന്റ് സ്ഥലം ഇടുക്കി ജില്ലയിലെ വാഴത്തോപ്പ് ഗ്രാമപഞ്ചായത്തിൽ പൈനാവ് ടൗൺ ഭാഗത്ത് കംഫർട്ട് സ്റ്റേഷൻ , വെയിറ്റിംഗ് ഷെഡ് എന്നിവ നിർമ്മിക്കുന്നതിന് വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിന് വിട്ടു നൽകാൻ പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ പഞ്ചായത്ത് കമ്മിറ്റി യോഗം തീരുമാനിക്കുകയും പരാമർശം (3) പ്രകാരം ആയതിനുള്ള സർക്കാർ അനുമതിക്കായി അപേക്ഷ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം ശുപാർശ സമർപ്പിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് ഇടുക്കി ജില്ലാ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂമിയിൽ നിന്നും 15 സെന്റ് സ്ഥലം പൈനാവ് ടൗൺ ഭാഗത്ത് കംഫർട്ട് സ്റ്റേഷൻ വെയിറ്റിംഗ് ഷെഡ് എന്നിവ നിർമ്മിക്കുന്നതിന് വാഴത്തോപ്പ് ഗ്രാമ പഞ്ചായത്തിന് വിട്ടു നൽകുന്നതിന് ഇടുക്കി ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**സബിത.എസ്.ഡി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, ഇടുക്കി ജില്ലാ പഞ്ചായത്ത്

സെക്രട്ടറി, വാഴത്തോപ്പ് ഗ്രാമ പഞ്ചായത്ത്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ/എൽ.ബി.എ), കേരള .
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം .
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്( വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.RC4/269/2017/LSGD)

ഉത്തരവിൻ പ്രകാരം

Danuja M
സെക്ഷൻ ഓഫീസർ